TB Weekly Review

**#MoviePanel**

നിഴൽ

Written By : Lijo Rachel George

ഒടിടി റിലീസുകൾക്ക് പ്രചാരം ലഭിച്ച കോവിഡ് കാലത്ത് വിഷു ചിത്രമായി ഏപ്രിൽ ഒൻപതിനും ആമസോൺ പ്രൈം എന്ന ഓൺലൈൻ പ്ലാറ്റ്ഫോമിലൂടെ മെയ് 11 നും സിനിമ പ്രേക്ഷകർക്ക് മുൻപിലെത്തിയ മറ്റൊരു മലയാള ചലച്ചിത്രമാണ് സൈക്കോളജിക്കൽ ത്രില്ലർ സിനിമകളുടെ ശ്രേണിയിൽ വരുന്ന നിഴൽ. മിക്ക ത്രില്ലർ ഹൊറാർ ചിത്രങ്ങളിലെ പോലെ തന്നെ ആകെ മൊത്തം ഇരുട്ടും ഇരുണ്ടു മങ്ങിയ രീതിയിലുള്ള ഫ്രെയിമുകളും പേടിയും ഉദ്വേഗവുമൊക്കെ ജനിപ്പിക്കുന്ന രീതിയിലുള്ള ശബ്ദങ്ങളും മറ്റുമായി തുടക്കം മുതൽ ഒരു mystery thriller സിനിമയ്ക്ക് വേണ്ട നിഗൂഢത നിലനിർത്തുന്നതിൽ ചിത്രത്തിന്റെ ദൃശ്യങ്ങളും പശ്ചാത്തല സംഗീതവും എഡിറ്റിങ്ങും മറ്റും നല്ല രീതിയിൽ വിജയിച്ചിട്ടുണ്ട്.

എഡിറ്റർ എന്ന നിലയിൽ അവാർഡുകളും അംഗീകാരങ്ങളും നേടിയിട്ടുള്ള അപ്പു.എൻ
.ഭട്ടതിരിയുടെ പ്രഥമ സംവിധായക സംരംഭം കൂടിയാണ് നിഴൽ.തെന്നിന്ത്യയുടെ ലേഡി സൂപ്പർ സ്റ്റാർ നയൻതാര ഏറെക്കാലത്തിനു ശേഷം അഭിനയിക്കുന്ന മലയാള ചലച്ചിത്രം എന്നുള്ളതാണ് നിഴലിന്റെ മറ്റൊരു പ്രത്യേക.ആന്റോ ജോസഫ് മറ്റു നാല് പേരുമായി ചേർന്ന് നിർമിക്കുന്ന ചിത്രത്തിന്റെ തിരക്കഥ സഞ്ജീവിന്റേതാണ്.അപ്പു.എൻ. ഭട്ടതിരിയോടൊപ്പം അരുൺ ലാൽ എസും ചേർന്ന് എഡിറ്റിംഗ് നിർവഹിച്ചിരിക്കുന്ന ഈ ചിത്രത്തിന് സംഗീതം നൽകിയിരിക്കുന്നത് സൂരജ്. എസ്. കുറുപ്പും ഛായഗ്രഹണം ദീപക്. ഡി. മേനോനും ആണ്.

ഒരപകടത്തെ തുടർന്ന് അയഥാർത്ഥമായ പലതും മുന്നിൽ കാണുന്ന ബേബിയെ സുഹൃത്തായ രാജൻ ഒരു സൈക്യാട്രിസ്റ്റിനെ കാണിക്കുന്നു. ഡോക്ടറുടെ വിശദീകരണത്തിൽ തൃപ്തി തോന്നാത്ത ബേബി തന്റെ സുഹൃത്തും രാജന്റെ ഭാര്യയുമായ ശാലിനി എന്ന സൈക്കോളജിസ്റ്റിനെ കാണുന്നു.സംഭാഷണ മദ്ധ്യേ, തന്റെ മുന്നിലെത്തിയ നിതിൻ അഥവാ നിധി എന്ന രണ്ടാം ക്ലാസുകാരൻ കുട്ടിയെ പറ്റിയും അവൻ സ്കൂളിൽ വെച്ച് എഴുതിയ കഥയെ പറ്റിയും ശാലിനി വഴി ബേബി അറിയുന്നതിലൂടെയാണ് സിനിമ കൂടുതൽ നിഗൂഢമായ തലങ്ങളിലേക്ക് നീങ്ങുന്നത്. ടീച്ചർ തന്റെ ക്ലാസ്സിലെ കുട്ടികളോട് ഒരു കഥ എഴുതാൻ ആവശ്യപ്പെടുമ്പോൾ വെറും ആറ് വയസ്സുകാരനായ ഒരു കുട്ടി കൊലപാതക കഥ എഴുതിയതിൽ എന്തോ അസാധാരണത്വം ഉള്ളതായി ടീച്ചർക്കും സ്കൂൾ

അധികാരികൾക്കും തോന്നുന്നതും ആ കുട്ടിയെ സൈക്കോളജിസ്റ്റിനെ കാണിക്കുന്നതും ജീവിതത്തിൽ ആയാലും സ്വാഭാവികമായ കാര്യം തന്നെ.ബുദ്ധിമാനും
മിടുക്കനുമായ നിധിയുടെ കഥയിൽ ആദ്യം അസ്വാഭാവികതയൊന്നും തോന്നാതിരുന്ന ശാലിനി, ഒരു പ്രത്യേക സാഹചര്യത്തിൽ വീണ്ടും നിധിയെ പറ്റി പറഞ്ഞു കൊണ്ട് ബേബിയുടെ അടുത്തെത്തുന്നു. നിധിയുടെ കഥയെപ്പറ്റി അറിഞ്ഞപ്പോൾ, ആദ്യം ബേബിയോടും ശാലിനി യോടും സഹകരിക്കാതിരുന്ന നിധിയുടെ അമ്മയായ ശർമിള, ശേഷം ഒരു ഘട്ടത്തിൽ അവരോടു സഹകരിക്കാൻ തയ്യാറാകുന്നു. ബേബിയാകട്ടെ നിധിയുടെ ചുറ്റുമുള്ള നിഗൂഢത കണ്ടു പിടിക്കേണ്ടത് തന്റെ ഉത്തരവാദിത്വമായി കാണുന്നു, അങ്ങനെ അനൗദ്യോഗികമായി അന്വേഷണം ആരംഭിക്കുന്ന ബേബി, പല ഘട്ടങ്ങളിലും നിധിയുടെ കഥയിലെ സംഭവങ്ങൾ യാഥാർത്ഥ്യമാണെന്ന് തിരിച്ചറിയുന്നതും അതേ തുടർന്നു വെളിച്ചത്ത് വരുന്ന കാര്യങ്ങളുമാണ് നിഴലിന്റെ കഥാ തന്തു.ചിത്രത്തിന്റെ ആദ്യത്തെ കുറച്ചു ഭാഗങ്ങളിൽ ഫേസ് മാസ്ക്ക് വെച്ചെത്തുന്ന ബേബിയിൽ തുടങ്ങി നിധിയും ഷർമിയുടെയും കഥ വരെ ചിത്രത്തിന് നിഴൽ എന്ന പേരിനെ അന്വർത്ഥമാക്കുന്നു

സാധാരണ സിനിമകളിലെ പോലെ ഒരുപാട് കഥാപാത്രങ്ങളോ കഥകളോ ഉപകഥകളോ ഒന്നുമില്ലാത്ത ഒരു സിനിമയാണ് നിഴൽ. പ്രധാനപ്പെട്ട കുറച്ചു കഥാപാത്രങ്ങളും അവരുടെ ജീവിതത്തിൽ അപ്പോൾ നടക്കുന്ന ചില കാര്യങ്ങളുമായി കഥ മുന്നോട്ട് പോകുന്നു.സാധാരണ രീതിയിൽ തുടങ്ങി, ഒരു കുറ്റാന്വേഷണ കഥയുടെ രീതിയിലേക്ക് വഴി മാറുന്ന ചിത്രം, ഒരു വേളയിൽ ബേബിയും നിധിയുമായുള്ള സൗഹൃദ സംഭാഷണത്തിനിടയിലെ ഒരു അപ്രതീക്ഷിത മുഹൂർത്തത്തിൽ,ബേബിയിലും പ്രേക്ഷകരിലും ഒരുപോലെ നടുക്കം ജനിപ്പിക്കുന്ന ഒരു ഡയലോഗിലൂടെ ഇടവേളയിൽ എത്തുന്നു.അതിനു ശേഷം ഒരു കുറ്റാന്വേഷണ കഥ എന്നത് മാറി അതീന്ദ്രിയത എന്ന വിഷയത്തിലേക്ക് കഥ കടക്കുമ്പോൾ ചിത്രത്തിന് അതുവരെയില്ലാത്ത ഇല്ലാതിരുന്ന ഒരു പുതുമ കൈവരുന്നു.അതീന്ദ്രിയതയെ പറ്റി സംസാരിക്കുമ്പോൾ സിനിമയിലോ ജീവിതത്തിലോ അത് ശരിക്കും സംഭവ്യമാണോ എന്നൊന്നും അറിയില്ലെങ്കിലും മനോരോഗ വിദഗ്ദരും കുറ്റാന്വേഷകരും മറ്റും ഇതൊക്കെ എന്നും നേരിടുന്ന വിഷയങ്ങൾ തന്നെയാണ് എന്നാണ് ഞാൻ കരുതുന്നത്.അതീന്ദ്രിയത പ്രമേയമാക്കിയ ചലച്ചിത്രങ്ങൾ മറ്റു ഭാഷകളിലൊക്കെ വന്നിട്ടുണ്ടെങ്കിലും ഇത്തരത്തിലൊന്ന് മലയാള സിനിമയിൽ ആദ്യമായിട്ടാണ്.

ചിത്രത്തിലെ പ്രധാന കഥാപാത്രങ്ങളായ ബേബി അഥവാ ജോൺ ബേബി എന്ന ജുഡീഷ്യൽ മജിസ്ട്രേറ്റ് ആയി കുഞ്ചാക്കോ ബോബനും ശർമിള എന്ന ശർമിയായി നയൻതാരയും നിതിനായി മാസ്റ്റർ ഐസിൻ ഹാഷും രാജനായി റോണി ഡേവിഡും ശാലിനിയായി ദിവ്യ പ്രഭയും എത്തുന്നു.

കഥാപാത്രങ്ങളിലേക്ക് വരുമ്പോൾ നായികാ കഥാപാത്രം ആയിരുന്നിട്ട് കൂടി, ആദ്യ പകുതിയിൽ കാര്യമായ സീനുകളും ഡയലോഗുകളും ഇല്ലാത്ത നയൻതാരയുടെ കഥാപാത്രം രണ്ടാം പകുതിയിൽ കൂടുതൽ കരുത്ത് നേടുന്നതും കാണാവുന്നതാണ്.എന്നിരുന്നാലും നയൻതാരയുടെ താരമൂല്യം വെച്ചു, തിരക്കഥയിൽ സ്വന്തം കഥാപാത്രതിനുള്ള പ്രാധാന്യത്തിനുമപ്പുറം, പറയത്തക്ക അഭിനയ മുഹൂർത്തങ്ങളില്ലാത്ത ഒരു സാധാരണ കഥാപാത്രം മാത്രമാണ് ശർമിള.ഭർത്താവ് നഷ്ടപ്പെട്ടവളും കുടുംബവും തൊഴിലും ഒറ്റയ്ക്ക് കൈകാര്യം ചെയ്യുന്നവളുമായ ഉദ്യോഗസ്ഥയായ ഒരമ്മയ്ക്ക് വേണ്ടതായ, അസാധാരണത്വമില്ലാത്ത അഭിനയം അവര് സിനിമയിൽ കാഴ്ച വെച്ചിട്ടുമുണ്ട്.ഒരു കുറ്റാന്വേഷകൻ എന്ന നിലയിൽ കുഞ്ചാക്കോ ബോബന്റെ ജോൺ ബേബി കുറ്റമറ്റതായ അഭിനയം കാഴ്ച വയ്ക്കുമ്പോഴും ഒരു ജുഡീഷ്യൽ മജിസ്‌ട്രേറ്റ് എന്ന നിലയിൽ അത്ര മികച്ചതായി തോന്നിയില്ല എന്നുള്ളതാണ് സത്യം.

എന്നാൽ എല്ലാവരുടെതിലും മുന്നിട്ട് നിൽക്കുന്നതാണ്, ഒരേസമയം ഒരു കുട്ടിയുടെ നിഷ്കളങ്കതയും അതോടൊപ്പം തന്നെ വലിയ കാര്യങ്ങൾ സംസാരിക്കുന്ന തിന്റെ ഗൗരവവും പുലർത്തുന്ന നിതിനെ അവതരിപ്പിക്കുന്ന ഐസിൻ ഹാഷിന്റെ അഭിനയം. ഈ ചിത്രത്തിന്റെ സ്വീകാര്യതയിൽ ഈ കുട്ടി താരത്തിന്റെ അഭിനയം വലിയൊരു പങ്കു വഹിക്കുന്നു.

'ഇങ്ങേര് എന്തിനാണ് ഈ സിനിമയിൽ എന്ന്' പല തവണ തോന്നിപ്പിച്ച ഒരു കഥാപാത്രം കൂടി ചിത്രത്തിലുണ്ട്, സൈജു കുറുപ്പ് അവതരിപ്പിക്കുന്ന സിജെഎം.തന്റെ കീഴിൽ ജോലി ചെയ്യുന്ന ബോബിയുടെ നന്മ ആഗ്രഹിക്കുന്ന സിജെഎം, അന്വേഷണത്തിലെ ഒരു നിർണായക ഘട്ടത്തിൽ, ബോബിയുടെ സഹായിയായും അനുവർത്തിക്കുന്നു. ഇവരെയൊന്നും കൂടാതെ മലയാളത്തിലെ ഒരു പ്രമുഖ നടനും ഈ ചിത്രത്തിലുണ്ട് സസ്‌പെൻസ് പോകുമെന്നതിനാൽ അദ്ദേഹത്തിന്റെ പേര് പറയാൻ നിവൃത്തിയില്ല.

ഈ ചിത്രത്തിലെ സ്ത്രീകഥാപാത്രങ്ങളെ പറ്റി പറയുമ്പോൾ, മലയാള സിനിമകളിൽ സാധാരണ കാണുന്ന രീതിയിൽ നിന്നും വിഭിന്നമായി, തന്റെ തൊഴിൽ മേഖലയിൽ നല്ല നൈപുണ്യം പുലർത്തുന്ന,ഉദ്യോഗത്തിൽ കൂടുതൽ ഉന്നതമായ പദവികളിലെത്താൻ ആഗ്രഹിക്കുന്ന സ്ത്രീകളെയാണ് കാണുന്നത്.

നല്ല കഥയും ചിത്രീകരണവും കൊണ്ട് സിനിമ മികച്ചുനിൽക്കുന്നുവെങ്കിലും അവിടവിടെ എന്തിനോ വേണ്ടി ഏച്ചുകെട്ടി വെച്ചിരിക്കുന്നത് പോലെയാണ് ഇടയ്ക്കൊക്കെ വരുന്ന കോമഡി രംഗങ്ങൾ അനുഭവപ്പെട്ടത്. അതുപോലെ തന്നെ സിനിമയിലെ കോടതി രംഗങ്ങളും പോലീസുകാരും കൃത്രിമവും യുക്തിക്ക് നിരക്കാത്തതുമായും തോന്നി.

സിനിമയുടെ തുടക്കം മുതൽ ഒടുക്കം വരെ നിഗൂഢതയും സസ്പെൻസും നിലനിർത്തുന്നതിൽ സംവിധായകൻ വിജയിച്ചിട്ടുണ്ടെങ്കിലും ഒടുവിൽ ക്ലൈമാക്സിലേക്കെ ത്തുമ്പോൾ, അതുവരെ തിരക്കഥയിൽ പുലർത്തിയിരുന്ന ഉൾക്കാമ്പ് നഷ്ടപ്പെട്ട്,ഒരു നനഞ്ഞ പടക്കം പോലെ ആകുന്നതായി കാണാം.അതുകൊണ്ട് തന്നെ തിരക്കഥയാണ് ഈ ചിത്രത്തിന്റെ കരുത്ത് എന്ന് പറയുമ്പോഴും അതിൽ പോരായ്മകൾ ഉണ്ടെന്ന് പറയാതെ വയ്യ.

എന്നിരുന്നാലും ഈ ഴോണറിൽ പെട്ട സിനിമകൾ ഇഷ്ടപെടുന്നവർക്കും അല്ലാത്തവർക്കും ഒരേപോലെ ഒരു തവണ കണ്ടിരിക്കാൻ പറ്റുന്ന ഒരു ചലച്ചിത്രം തന്നെയാണ് നിഴൽ എന്ന് നിസ്സംശയം പറയാം.